# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1759

18.06.2012- ൽ മറുപടിക്ക്

## എല്ലാവർക്കും വീട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ്: | | | ശ്രീ. കെ. എം. മാണി. (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) | കേരളത്തിൽ ഭവനരഹിതരായ കുടുംബങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഗ്രാമപ്പഞ്ചായത്ത് തലത്തിൽ 3,38,688 കുടുംബങ്ങളും, നഗരതലത്തിൽ 47388 കുടുംബങ്ങളും ഭവനരഹിതരാണെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ബി) | എല്ലാവർക്കും വീട് എന്ന പദ്ധതി സാക്ഷാത്കരിക്കാൻ എന്തെങ്കിലും കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ബി) | എല്ലാവർക്കും പാർപ്പിടം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് 12-ാം പഞ്ചവത്സര പദ്ധതിയിൽ 12 ലക്ഷം വീടുകൾ പണിയുവാൻ സർക്കാർ ലക്ഷ്യമിടുന്നതായി സംസ്ഥാന പാർപ്പിട നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ലക്ഷം വീടുകളുടെ ശോച്യാവസ്ഥയും പൊതു സൗകര്യങ്ങളുടെ അഭാവവും, ദുർബ്ബല വിഭാഗങ്ങൾക്കിടയിലുള്ള ഭവന നിർമ്മാണ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള രാജീവ് ആവാസ് യോജനയുടെയും മറ്റ് പുനരധിവാസ പദ്ധതികളുടെയും പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തിക്കൊണ്ട് എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട് എന്ന സമഗ്ര ഭവനനിർമ്മാണ പുനരധിവാസ പദ്ധതിക്ക് രൂപം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ